**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 393** — **18.10.2011 ൽ മറുപടിയ്ക്ക്**

# വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതികൾ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എം.പി.വിൻസെന്റ്<br>,, വി.ഡി.സതീശൻ<br>,, വി.പി.സജീന്ദ്രൻ<br>,, ലൂഡി ലൂയിസ് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; | (എ) വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഈ വർഷം ഓഗസ്റ്റ് മാസം 4 മുതൽ 14 വരെ ജനീവയിൽ നടന്ന ജനീവാ ഫെസ്റ്റിവലിലും, പാരീസിൽ സെപ്റ്റംബർ 20 മുതൽ 23 വരെ നടന്ന ഐ.എഫ്.ടി.എം. ടോപ്റേസ ഫെസ്റ്റിവലിലും, ന്യൂഡൽഹിയിൽ സെപ്തംബർ 6 മുതൽ 9 വരെ നടന്ന പാറ്റ ട്രാവൽ മാർട്ടിലും കേരള ടൂറിസം സജീവമായി പങ്കെടുത്തു പ്രചാരണം നടത്തുകയുണ്ടായി.. കൂടാതെ താഴെപ്പറയുന്ന വിദേശ രാജ്യങ്ങളിൽ നടക്കുന്ന ഫെസ്റ്റുകളിൽ പങ്കെടുക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br>എ) വേൾഡ് ട്രാവൽ മാർക്കറ്റ്, ലണ്ടൻ 7-10 നവംബർ 2011<br>ബി) ഫിടൂർ-മാഡ്രിഡ് സ്പെയിൻ 18-22 ജനുവരി 2012<br>സി)ബിറ്റ്-മിലാൻ-ഇറ്റലി 15-19 ഫെബ്രുവരി 2012<br>ഡി) ഐ.ടി.ബി ബർലിൻ, ജർമ്മനി 7-11 മാർച്ച് 2012<br>ഇ) ടൂർ-ഗോട്ടൻ ബർഗ്- സ്വീഡൻ 22-25 മാർച്ച് 2012 |

ഇതിനു പുറമേ അന്താരാഷ്ട്ര തലത്തിൽ താഴെപ്പറയുന്ന നഗരങ്ങളിൽ കേരള ടൂറിസം വർക്ക് ഷോപ്പുകൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| എ) സിഡ്നി-ആസ്ട്രേലിയ | 25.10.2011 |
| ബി) മെൽബൺ-ആസ്ട്രേലിയ | 26.10.2011 |
| സി) ഓസ്ലോ-നോർവെ | 14.11.2011 |
| ഡി) കോപ്പൻഹേഗൻ-ഡെൻമാർക്ക് | 15.11.2011 |
| ഇ) ഹെൽസിങ്കി-ഫിൻലാന്റ് | 16.11.2011 |
| എഫ്) സ്റ്റോക്ഹോം-സ്വീഡൻ | 17.11.2011 |
| ജി) മാർസലെ-ഫ്രാൻസ് | 24.1.2012 |
| എച്ച്) ഫ്രാങ്ക്ഫർട്ട്/ബെർലിൻ-ജർമ്മനി | 26.1.2012 |
| ഐ) ലണ്ടൻ-ഇംഗ്ലണ്ട് | 13.3.2012 |
| ജെ) മിലാൻ-ഇറ്റലി | 14.3.2012 |
| കെ) മാഡ്രിഡ്-സ്പെയിൻ | 15.3.2012 |

പ്രസ്തുത പരിപാടികൾ യൂറോപ്പിൽ നിന്നും ആസ്ട്രേലിയ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമുള്ള സഞ്ചാരികളുടെ കേരളത്തിലേക്കുള്ള വരവിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനു വേണ്ടി ആവിഷ്കരിച്ചിട്ടുള്ളതാണ്.

ഇതു കൂടാതെ കേരളാ ടൂറിസത്തിന്റെ പ്രചരണത്തിന്റെ ഭാഗമായി വിവിധ ദൃശ്യ, അച്ചടി മാധ്യമങ്ങളിലൂടെ പരസ്യ പ്രചാരണം നടത്തുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്.

ആഭ്യന്തര ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് ദേശീയ തലത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 1. | വിശാഖപട്ടണം | 12.7.2011 |
| 2. | ഭുവനേശ്വർ | 14.7.2011 |
| 3. | ലക്നൗ | 20.7.2011 |
| 4. | ഗ്വാളിയോർ | 22.7.2011 |
| 5. | മൈസൂർ | 28.7.2011 |
| 6. | കോയമ്പത്തൂർ | 03.08.2011 |

7. വഡോധര 17.08.2011

8. പൂനെ 24.08.2011

9. റായ്പൂർ 13.9.2011

10. ഇൻഡോർ 15.9.2011

ഇതു കൂടാതെ വിവിധ ട്രാവൽ ട്രേഡ് ഫെയറുകളിൽ കേരളാ ടൂറിസം പങ്കെടുത്ത് പ്രചരണം നടത്തി വരികയും ചെയ്യുന്നു.

| | | | |
|---|---|---|---|
| (ബി) | അതിനായി ഇൻഡ്യ കൺവെൻഷൻ ബ്യൂറോയുടെ മാതൃകയിൽ ഒരു ബ്യൂറോ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും രൂപീകരണവും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) & (ഡി) | ബ്യൂറോ രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ പരിഗണനയിലിരിക്കുന്ന ടൂറിസം നയം പ്രഖ്യാപനത്തിനു ശേഷം മാത്രമേ കൈക്കൊള്ളുകയുള്ളു. |
| (ഡി) | സംസ്ഥാനത്ത് എവിടെയായിരിക്കും ഈ ബ്യൂറോയുടെ ആസ്ഥാനമെന്ന് അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ